## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *46** 09.02.2016-ൽ മറുപടിയ്ക്ക്

### അവിവാഹിതരായ ആദിവാസി അമ്മമാർ

**ചോദ്യം**
ശ്രീ.മാത്യു.റ്റി.തോമസ്
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.സി.കെ.നാണു
ശ്രീ.ജോസ് തെറ്റയിൽ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കേരളത്തിലെ അവിവാഹിതരായ ആദിവാസി അമ്മമാരെ സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | സംസ്ഥാനത്ത് 1051 അവിവാഹിതരായ ആദിവാസി അമ്മമാരാണ് ഉള്ളത്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| സി) | അവിവാഹിതരായ ആദിവാസി അമ്മമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സി) | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴിവളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽപ്പെട്ട ഭവന നിർമ്മാണത്തിന്റെ തുടർ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് 2015-16 വർഷവും തുക അനുവദിക്കുകയും നിർമ്മാണം തുടർന്ന് വരികയുമാണ്. . പുനരധിവാസ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.<br><br>ഇവയ്ക്ക് പുറമെ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം എന്ന പേരിൽ പെൻഷൻ.പദ്ധതി സാമൂഹ്യ നീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000/- രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് 2015-16-ൽ നടപ്പിലാക്കിയിട്ടുള്ള സ്വയം തൊഴിൽ പദ്ധതിയിൽ അവിവാഹിതരായ അമ്മാർക്ക് മുൻഗണന നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

### അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ എണ്ണം (2016 ജനുവരി)

| ക്രമ നം | ഓഫീസ് | അവിവാഹിത രായ അമ്മമാ രുടെ എണ്ണം |
|---|---|---|
| 1 | പ്രോജക്ട് ഓഫീസ് നെടുമങ്ങാട് | 84 |
| 2 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പുനലൂർ | 34 |
| 3 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് റാന്നി | 13 |
| 4 | പ്രോജക്ട് ഓഫീസ്, കാഞ്ഞിരപ്പള്ളി | 31 |
| 5 | പ്രോജക്ട് ഓഫീസ്, ഇടുക്കി | 48 |
| 6 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ | 17 |
| 7 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, ചാലക്കുടി | 17 |
| 8 | പ്രോജക്ട് ഓഫീസ്, നിലമ്പൂർ | 20 |
| 9 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പാലക്കാട് | 16 |
| 10 | പ്രോജക്ട് ഓഫീസ്, അട്ടപ്പാടി | 113 |
| 11 | പ്രോജക്ട് ഓഫീസ്, കൽപറ്റ | 52 |
| 12 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, സുൽത്താൻബത്തേരി | 121 |
| 13 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മാനന്തവാടി | 153 |
| 14 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, കോഴിക്കോട് | 54 |
| 15 | പ്രോജക്ട് ഓഫീസ്, കണ്ണൂർ | 72 |
| 16 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, കാസർകോട് | 206 |
| | ആകെ | 1051 |

Hariprriya

സെക്ഷൻ ഓഫീസർ

| ക്രമ നം | ജില്ല | അനുബന്ധം 2 | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | അവിവാഹിതരായ ആദിവാസി അമ്മമാർ (ജീവനോപാധി പദ്ധതികൾ) | | | | | | | |
| | | പശു | ആട് | കോഴി | തയ്യൽ മെഷീൻ | പെട്ടിക്കട | കുട്ട/ വട്ടി | വീട് | വീട് റിപ്പയർ |
| 1 | Trivandrum | 7 | 58 | 0 | 1 | 0 | 0 | 3 | 0 |
| 2 | Kollam Alappuzha | 0 | 34 | 0 | 1 | 0 | 0 | 0 | 0 |
| 3 | Pathanamthitta | 4 | 7 | 0 | 0 | 1 | 0 | 4 | 1 |
| 4 | Kottayam | 0 | 2 | 0 | 0 | 0 | 0 | 2 | 1 |
| 5 | Ernakulam | 3 | 1 | 0 | 2 | 1 | 0 | 2 | 0 |
| 6 | Idukki | 14 | 10 | 17 | 1 | 1 | 1 | 6 | 0 |
| 7 | Thrissur | 0 | 6 | 0 | 0 | 0 | 0 | 3 | 0 |
| 8 | Palakkad | 54 | 43 | 3 | 0 | 0 | 0 | 62 | 0 |
| 9 | Kozhikode | 24 | 10 | 5 | 0 | 0 | 0 | 8 | 0 |
| 10 | Wayanad | 10 | 129 | 0 | 11 | 0 | 0 | 51 | 0 |
| 11 | Malappuram | 2 | 8 | 0 | 0 | 0 | 0 | 5 | 0 |
| 12 | Kannur | 0 | 59 | 0 | 0 | 0 | 0 | 12 | 0 |
| 13 | Kasargod | 18 | 47 | 0 | 0 | 0 | 5 | 79 | 0 |
| | ആകെ | 136 | 414 | 25 | 16 | 3 | 6 | 237 | 2 |

Haripriya
സെക്ഷൻ ഓഫീസർ